(ഇ) സംസ്ഥാനത്തിന്റെ ശേഷിക്കുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടും പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക

146 (492) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വാർഷിക പദ്ധതിയിൽ ഓരോ വികസനമേഖലയിലും വകയിരുത്തിയ തുക എത്രയെന്ന് വിശദമാക്കാമോ ;

(ബി) ഇപ്രകാരം വകയിരുത്തിയതിൽ 31-1-2015 വരെ ഓരോ വികസന മേഖലയിലെയും ചെലവിന്റെ ശതമാനം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) 2014-15 വാർഷിക പദ്ധതിയിൽ 31-1-2015 വരെ ഓരോ വികസന മേഖലയിലും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നികുതി വരുമാനത്തിലെ കുറവ്

147 (493) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ എന്ത് തുകയുടെ കുറവാണുണ്ടായത് ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാമ്പത്തിക വർഷം അവസാനിച്ചെങ്കിൽ മാത്രമേ നികുതി വരുമാനത്തെ സംബന്ധിച്ച അന്തിമ വിലയിരുത്തൽ സാധ്യമാകുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly